**പതിമൂന്നാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.328.** 08.06.2015 **ൽ മറുപടിയ്ക്ക്.**

**ബസ് ചാർജ്ജ് വർദ്ധനവ്.**

| ചോദ്യം<br>ശ്രീമതി. കെ.കെ. ലതിക | | ഉത്തരം<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഇതുവരെ എത്ര തവണ സംസ്ഥാനത്ത് ബസ് ചാർജ്ജ് വർദ്ധിപ്പിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | മൂന്ന് തവണ.<br>(08.08.2011,11.11.2012, 20.05.2014) |
| (ബി) | ബസ് ചാർജ്ജ് വർദ്ധിപ്പിക്കാനുണ്ടായ സാഹചര്യങ്ങൾ വിശദമാക്കാമോ; | (ബി) | ഡീസൽ, സ്പെയേഴ്സ്, ലൂബ്രിക്കൻസ് ഇവയിലുണ്ടാകുന്ന വിലവർദ്ധനവിന്റെ അടിസ്ഥാനത്തിലും ജീവനക്കാരുടെ ശമ്പളം, ക്ഷാമ ബത്ത, പെൻഷൻ, ബസ്സിന്റെ ഇൻഷ്വറൻസ് പ്രീമിയം തുടങ്ങി മറ്റ് അനുബന്ധ ചെലവുകളിലുണ്ടാകുന്ന വർദ്ധനവിന്റെ വെളിച്ചത്തിലുമാണ് കാലാകാലങ്ങളിൽ സർക്കാർ ബസ് ചാർജ് വർദ്ധിപ്പിക്കുന്നത്. |
| (സി) | ഓരോ തവണയും ബസ്സ് ചാർജ്ജ് വർദ്ധിപ്പച്ചതിന്റെ അടിസ്ഥാനത്തിൽ കെ. എസ്. ആർ. ടി. സി. യ്ക്ക് ഉണ്ടായ സാമ്പത്തിക നേട്ടം വിശദമാക്കാമോ ; | (സി) | 08/08/2011 ൽ 9.28 ശതമാനവും 11/11/2012 ൽ 18.24 ശതമാനവും 20/05/2014 ൽ 15.60 ശതമാനവും വർദ്ധനവ് ടിക്കറ്റ് നിരക്കിൽ ഉണ്ടായിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | ചാർജ്ജ് വർദ്ധിപ്പിച്ചിട്ടും കെ.എസ്. ആർ.ടി.സി.യുടെ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കാൻ കഴിയാത്തതെന്തുകൊണ്ടാണെന്ന് പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കാമോ? | (ഡി) | പരിശോധിച്ചിട്ടുണ്ട്. വർദ്ധിച്ചുവരുന്ന പെൻഷൻ ബാധ്യത നിറവേറ്റുന്നതിനായുള്ള തുക കണ്ടെത്താൻ കഴിയാത്തതും കെ.റ്റി.ഡി.എഫ്.സി. യിൽ നിന്നും കൂടിയ പലിശ നിരക്കിൽ (14.50 മുതൽ 16.25 ശതമാനം വരെ) വായ്പയെടുത്ത് വന്നതിന്റെ തിരിച്ചടവ് ഇനത്തിൽ 50 കോടി രൂപയോളം പ്രതിമാസം ചിലവഴിക്കേണ്ടി വരുന്നതുമാണ് കോർപ്പറേഷന് സാമ്പത്തിക പ്രതിസന്ധി ഉണ്ടാകുന്നതിന്റെ ഒരു പ്രധാന കാരണം. ഇതിനുപുറമെ, പ്രതിമാസം പെൻഷൻ വിതരണത്തിനായി വീണ്ടും വീണ്ടും കെ.റ്റി.ഡി. എഫ്.സി. യിൽ നിന്നും വായ്പ എടുക്കേണ്ടി വരുന്നതുവഴി വായ്പാ തിരിച്ചടവ് തുക പ്രതിമാസം വർദ്ധിക്കുന്ന സാഹചര്യവുമാണുള്ളത്. കൂടാതെ സാമൂഹിക പ്രതിബദ്ധതയുടെ പേരിൽ വിവിധ വിഭാഗത്തിൽ പെട്ട ജനവിഭാഗങ്ങൾക്ക് സൗജന്യയാത്ര അനുവദിക്കുന്നത് വഴിയും കെ.എസ്. ആർ.ടി.സി.ക്ക് സാമ്പത്തിക ബാദ്ധ്യത ഉണ്ടാകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ.